ഇ.എക്സ്/സി ജനറൽ (1)/41414/2011/സി.ജി.ഇ

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം
തീയതി: 24/11/2011

# സർക്കുലർ

വിഷയം:- എസ്.എസ്.എൽ.സി പരീക്ഷ മാർച്ച് 2012- എ ലിസ്റ്റ് - ആദ്യ പ്രിന്റൗട്ട് തെറ്റുകൾ തിരുത്തി തിരിച്ചയക്കുന്നതും ഓൺലൈനിൽ തിരുത്തുന്നതും സംബന്ധിച്ച്:-

സൂചന : ഇ.എക്സ്/സി ജനറൽ (1)/41414/2011/നം. എസ്.എസ്.എൽ.സി. വിജ്ഞാപനം:-

2012 മാർച്ച് മാസം നടത്തുന്ന എസ് എസ് എൽ സി പരീക്ഷയുടെ എ ലിസ്റ്റിന്റെ ആദ്യ പ്രിന്റൗട്ട് ഈ സർക്കുലറിനോടൊപ്പം പരിശോധനക്കായി അയയ്ക്കുന്നു. ഹെഡ്മാസ്റ്റർമാരുടെ മേൽനോട്ടത്തിൽ പ്രിന്റൗട്ടുകൾ വിശദമായി പരിശോധിച്ച് ഏതെങ്കിലും രീതിയിൽ തെറ്റുകൾ വന്നിട്ടുണ്ടെങ്കിൽ ചുവന്ന മഷിയിൽ തിരുത്തലുകൾ വരുത്തണം (വ്യക്തമായി വായിക്കാൻ കഴിയുന്ന വിധം). കൂടാതെ IT@School ന്റെ Sampoorna website ആയ **www.sampoorna.itschool.gov.in** എന്ന വെബ്സൈറ്റിൽ പ്രവേശിച്ച് Username ഉം Password ഉം നൽകി മേൽതിരുത്തലുകൾ ഓൺലൈനിലും വരുത്തണം. തെറ്റുകൾ ഓൺലൈനിൽ തിരുത്തേണ്ട അവസാന ദിവസം 10.12.2011 ആണ്. മലയാളം ഉൾപ്പെടെയുള്ള എല്ലാ തെറ്റുകളും പൂർണമായും ഓൺലൈനിൽ തിരുത്തിയിരിക്കണം. ഇതിനുശേഷം യാതൊരുവിധ തിരുത്തലുകളും അനുവദിക്കുന്നതല്ല. ഫോട്ടോ ഉൾപ്പെടെ ഈ ദിവസത്തിനു മുൻപ് പൂർണമായും അപ്‌ലോഡ് ചെയ്യേണ്ടതാണ്. 10.12.2011 നു തന്നെ തിരുത്തിയ പ്രിന്റൗട്ട് ബന്ധപ്പെട്ട ഡിഇഒ ഓഫീസുകളിൽ ഏൽപ്പിയ്ക്കുകയും വേണം. പ്രിന്റൗട്ടുകൾ പരിശോധന നടത്തുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

- അതാത് സ്കൂളുകളിൽ 2012 മാർച്ചിൽ എസ് എസ് എൽ സി പരീക്ഷ എഴുതുന്ന സ്കൂൾ ഗോയിംഗ് കാൻഡിഡേറ്റ്സ് (SGC) വിഭാഗത്തിലെ എല്ലാ കുട്ടികളുടെയും വിവരങ്ങൾ തന്നിരിക്കുന്ന പ്രിന്റൗട്ടിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇതിൽ പ്രൈവറ്റ് കാൻഡിഡേറ്റ്സ് (PCN) വിഭാഗത്തിലെ ഏതെങ്കിലും കുട്ടികളെ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ അത് ചുവന്ന മഷികൊണ്ട് എ ലിസ്റ്റിൽ സ്ട്രൈക്ക് ചെയ്യുകയും പ്രസ്തുത പരീക്ഷാർത്ഥിയുടെ വിവരം Sampoorna യിൽ നിന്നും ഡിലീറ്റ് ചെയ്യേണ്ടതുമാണ്.
- അറ്റൻഡൻസ് റീക്യൂപ്പ്ഡ് ക്യാൻഡിഡേറ്റ്സ് (ARC), കാൻഡിഡേച്ചർ കാൻസൽഡ് കാൻഡിഡേറ്റ്സ് (CCC), ബെറ്റർമെന്റ് ഓഫ് റിസൾട്ട് കാൻഡിഡേറ്റ്സ് (BT) എന്നീ വിഭാഗങ്ങളിൽ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ എ ലിസ്റ്റ് മാന്വൽ ആയി തയ്യാറാക്കി ( എ ലിസ്റ്റിന്റ മാതൃകയിൽ) ഇതിനോടൊപ്പം തിരികെ നൽകേണ്ടതാണ്. കൂടാതെ Sampoorna Website ൽ പ്രവേശിച്ച് Username ഉം Passwod ഉം നൽകിയ ശേഷം പ്രധാന പേജിലെ Admission എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് "School Admission Non Regular Students" എന്ന ലിങ്കിൽ പ്രവേശിച്ച് മേൽപറഞ്ഞ (ARC, CCC, BT) കാറ്റഗറിയിൽ ഉള്ള വിദ്യാർത്ഥികളുടെ വിവരങ്ങൾ ഫോട്ടോ സഹിതം അപ്‌ലോഡ് ചെയ്യേണ്ടതുമാണ്. ✓
- ARC, CCC, BT, PCN എന്നീ വിഭാഗം പരീക്ഷാർത്ഥികൾക്കായുള്ള എ ലിസ്റ്റ്/ ബി ലിസ്റ്റ് ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ ലഭ്യമാണ്.
- പരീക്ഷാർത്ഥികളുടെ പ്രിന്റ് ചെയ്തു തന്നിരിക്കുന്ന വിവരങ്ങൾ അഡ്മിഷൻ രജിസ്റ്ററിലെ വിവരങ്ങളുമായി ഒത്തുനോക്കി ഏതെങ്കിലും രീതിയിലുള്ള തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ

ആയത് ചുവന്ന മഷികൊണ്ട് വലയം ചെയ്ത് ശരിയായ വിവരങ്ങൾ അതിന്റെ തൊട്ടുമുകളിൽ രേഖപ്പെടുത്തേണ്ടതാണ്.

- പി സി എൻ വിഭാഗത്തിൽ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ ലിസ്റ്റ് (ബി ലിസ്റ്റ്) തയ്യാറാക്കി, പ്രസ്തുത പരീക്ഷാർത്ഥികൾ മുൻപ് എസ്.എസ്.എൽ.സി പരീക്ഷയെഴുതിയ വർഷം, രജിസ്റ്റർ നമ്പർ, ഇപ്പോൾ പരീക്ഷയെഴുതുന്ന വിഷയങ്ങൾ എന്നിവയുടെ വിശദ വിവരം അടങ്ങുന്ന ഒരു പ്രത്യേക ലിസ്റ്റ് സഹിതം തിരിച്ചു തരേണ്ടതാണ്.
- മീഡിയം, First Language, Second Language, Third Language എന്നിവ കൃത്യമായി പ്രിന്റൗട്ടിൽ പരിശോധിച്ച് തെറ്റുണ്ടെങ്കിൽ പ്രിന്റൗട്ടിലും Sampoorna യിലും തിരുത്തലുകൾ വരുത്തേണ്ടതാണ്.
- പേര്, ജനനതീയതി, ജാതി, മതം, മേൽവിലാസം എന്നിവയിൽ തിരുത്തലുകൾ വരുത്തിക്കൊണ്ടുള്ള ഉത്തരവ് ബന്ധപ്പെട്ട അധികാരികളിൽ നിന്നും ലഭിച്ചിട്ടുണ്ടെങ്കിൽ ഈ തിരുത്തലുകൾ എ ലിസ്റ്റിൽ വരുത്തി പ്രസ്തുത ഉത്തരവിന്റെ നമ്പറും തീയതിയും രേഖപ്പെടുത്തേണ്ടതാണ്. അതിനുശേഷം ഈ തിരുത്തലുകൾ ഓൺലൈൻ വഴി Sampoorna യിലും വരുത്തേണ്ടതാണ്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുത്തൽ വരുത്തിയ അഡ്മിഷൻ രജിസ്റ്ററിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എ ലിസ്റ്റിനോടൊപ്പം സമർപ്പിക്കേണ്ടതുമാണ്.
- 01.06.2011 ൽ 14 വയസ്സ് പൂർത്തിയായവർക്കു മാത്രമേ 2012 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷ എഴുതാൻ അനുവാദമുള്ളൂ. താങ്കളുടെ സ്കൂളിൽ ഈ നിബന്ധന പാലിക്കാത്ത പരീക്ഷാർത്ഥികൾ ഉണ്ടെങ്കിൽ അവർക്ക് ബന്ധപ്പെട്ട അധികാരികളിൽ നിന്നും ലഭിച്ച വയസ്സിളവിനുള്ള ഉത്തരവിന്റെ നമ്പറും തീയതിയും എ ലിസ്റ്റിൽ മാത്രം അവരുടെ പേരിനു താഴെ പച്ച മഷിയിൽ രേഖപ്പെടുത്തേണ്ടതും ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എ ലിസ്റ്റിനോടൊപ്പം സമർപ്പിക്കേണ്ടതുമാണ്. ഏതെങ്കിലും പരീക്ഷാർത്ഥിക്ക് വയസ്സിളവിനുള്ള ഉത്തരവ് ഇനിയും ലഭിക്കാനുണ്ടെങ്കിൽ ആയത് അടിയന്തിരമായി വാങ്ങി സാക്ഷ്യപ്പെടുത്തി പരീക്ഷാ ഭവനിലേക്ക് അയയ്ക്കേണ്ടതാണ്. ഉത്തരവ് ലഭിക്കാത്ത വിദ്യാർത്ഥികളെ പരീക്ഷ എഴുതാൻ അനുവദിക്കുന്നതല്ല. ഒന്നാം ക്ലാസിൽ ചേരുമ്പോൾ തന്നെ വയസ്സിളവിനുള്ള ഉത്തരവ് നേടിയിട്ടുണ്ടെങ്കിൽ ആ വിവരം വിദ്യാർത്ഥിയുടെ പേരിനു താഴെ എ ലിസ്റ്റിൽ പച്ച മഷിയിൽ പ്രത്യേകം രേഖപ്പെടുത്തണം. 01.06.2011 ൽ 14 വയസ്സ് പൂർത്തിയാകാത്ത എത്ര കുട്ടികൾ ഉണ്ടെന്നും അവരിൽ എത്രപേർ വയസ്സിളവിനുള്ള ഉത്തരവ് നേടിയിട്ടുണ്ടെന്നും എത്ര പേർക്കിനിയും ഉത്തരവ് ലഭിക്കാനുണ്ടെന്ന കാര്യവും പ്രത്യേകം തയ്യാറാക്കി എ ലിസ്റ്റിനോടൊപ്പം സമർപ്പിക്കണം.
- എ ലിസ്റ്റിലെ ഏതെങ്കിലും കോളം ബ്ലാങ്കാണെങ്കിൽ അവിടെ പൂരിപ്പിക്കേണ്ട വിവരം ചുവന്ന മഷിയിൽ രേഖപ്പെടുത്തേണ്ടതാണ്
- <u>പ്രിന്റൗട്ടിൽ സ്കൂളിന്റെ പേരിൽ വ്യത്യാസമുണ്ടെങ്കിൽ ശരിയായ പേര് സ്കൂൾ ഹെഡ്മാസ്റ്ററുടെ കത്തോടുകൂടി ഈ പ്രിന്റൗട്ടിനോടൊപ്പം നൽകേണ്ടതാണ്.</u>
- ഇപ്പോൾ പരിശോധനയ്ക്കായി തരുന്ന ലിസ്റ്റിൽ തിരുത്തലുകൾ വരുത്തി കഴിഞ്ഞാൽ പിന്നീട് ഏതെങ്കിലും തിരുത്തലുകൾ വരുത്തുന്നതിന് ഓൺലൈൻ ഉൾപ്പെടെ അവസരങ്ങൾ ഉണ്ടായിരിക്കുന്നതല്ല.

Sd/-
**സെക്രട്ടറി**

To

എല്ലാ ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാർക്കും

പകർപ്പ്

}